# സ്വാതന്ത്ര്യം

കെ ആർ നാരായണൻ നമ്പൂതിരി

സ്വാതന്ത്ര്യപ്പൊരുൾ തേടിയലഞ്ഞു,
എത്തീ തടവറയിൽ..

ഈ ജന്മത്തിലെ മായക്കാഴ്ചകൾ
മുജ്ജന്മാർജ്ജിതമാണത്രെ!
അച്ഛനമമ്മയുമാർജ്ജിതമറിവും,
ഇടപെടലുകളും വെളിപാടുകളും,
കാണാക്കയറാൽ ബന്ധിച്ചെന്നേ
തള്ളീ മനസ്സിൻ തടവറയിൽ...

ആ തടവറ തന്നുടെ അലകും പിടിയും
പൊള്ളിച്ചുമാറ്റാൻ, ഉടച്ചുവാർക്കാൻ,
ഞാനശക്തൻ ! അസ്വതന്ത്രൻ!
മായക്കാഴ്ചകൾ മുജ്ജന്മാർജ്ജിതമാണത്രെ!
എന്നുടെ ഹൃത്താം കാരാഗ്രഹ മതിൽ
ഭേദിച്ചനന്ത വിഹായസ്സിന്റെ
അപരിമിതാനുപമ സ്വാതന്ത്ര്യത്തെ
മതിവരുവോളം മുകരാനാമോ?
ആനന്തക്കടൽ നീന്താനാമോ?!

Website: HTTP://karanattu.wordpress.com
© K R Narayanan Namboothiri
Licensed under:
Creative Commons Attribution-Noncommercial-No Derivative Works 2.5 India License.